**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5607** **13-08-2021 - ൽ മറുപടിയ്ക്ക്**

**മീനച്ചിലാറിന്റെ കൈവഴികൾ സംരക്ഷിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri Roshy Augustine (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാലാ നിയോജകമണ്ഡലത്തിലെ മീനച്ചിലാറ്റിലേയ്ക്ക് എത്തിച്ചേരുന്ന പ്രധാന കൈവഴികൾ രേഖകളിലെ അളവുകൾ പ്രകാരം വീതിയും ആഴവും കൂട്ടി സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (എ) | പാലാ നിയോജക മണ്ഡലത്തിലെ മീനച്ചിലാറ്റിലേയ്ക്ക് എത്തിച്ചേരുന്ന പ്രധാന കൈവഴികളായ മീനച്ചിൽ വലിയ തോട്, കൊല്ലപ്പള്ളിത്തോട്, പൊന്നൂഴകം തോട്, ളാലം തോട്, പുലിയന്നൂർ തോട്, തുടങ്ങിയവയിൽ ആഴം കൂട്ടുന്നതിനുള്ള പ്രവൃത്തികൾ എസ്.ഡി.ആർ.എഫ്-ൽ ഉൾപ്പെടുത്തി നടന്നു വരുന്നു. ഇവയിൽ കൊല്ലപ്പള്ളി തോട്, പൊന്നൂഴകം തോട്, പുലിയന്നൂർ തോടിന്റെ ഒരു റീച്ച് എന്നിവയുടെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. പുലിയന്നൂർ തോടിന്റെ മറ്റൊരു റീച്ചിന്റെയും മീനച്ചിൽ വലിയ തോടിന്റെ ഒരു റീച്ചിന്റെയും പ്രവൃത്തിയുടെ കരാറിലേർപ്പെട്ടിട്ടുണ്ട്. മീനച്ചിൽ വലിയ തോടിന്റെ മറ്റൊരു റീച്ചിന്റെയും ളാലം തോടിന്റെയും പ്രവൃത്തിയുടെ എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ